I/56101/2022

<u>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: എം.അഞ്ജന ഐ.എ.എസ്)

ഉത്തരവ് നം. SJD/2505/2021-E1

തിരുവനന്തപുരം,
തീയതി. 19-08-2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം- ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേയ്ക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1.സ.ഉ.(സാധാ) നം.6/2021/സാ.നീ.വ തീയതി.15/02/2021
2.സാമൂഹ്യനീതി ഡയറക്ടറുടെ 9/7/2021 തീയതിയിലെ SJD/2505/ 2021-E1 നം നടപടിക്രമങ്ങൾ
3.സ.ഉ.(സാധാ) നം.154/2022/സാ.നീ.വ തീയതി.4/06/2022
4.4/8/2022-ലെ SJD/1620/2022-E6 ഗസറ്റ് വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് പുതുതായി രൂപികരിക്കുകയും, വകുപ്പ് പുന:സംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപികരിക്കുന്നതു വരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് സർക്കാർ സ.ഉ.(അച്ചടി) നമ്പർ.10/2019/സാ.നീ.വ തീയതി.21/10/2021 പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എക്സിക്യൂട്ടീവ് ഉത്തരവ് E (V) യിൽ അനുബന്ധം V ലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ ഫീഡർ കാറ്റഗറികൾ ഇരു വകുപ്പുകളിലുമായി വിന്യസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തസ്തികയുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പിന്നീട് നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിൻ പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റ നിയമനത്തിനായുള്ള അനുപാതം 1:3 എന്ന ക്രമത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II : ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലെ ജീവനക്കാർക്കായി നിശ്ചയിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. സാമൂഹ്യനീതി വകുപ്പിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസിൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ ആകെയുള്ള 20 എണ്ണത്തിൽ വകുപ്പ് വിഭജനത്തിനു ശേഷം 8 തസ്തികകളിൽ ഒഴിവ് നിലവിൽ വരുകയും ഈ 8 ഒഴിവുകളിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയ്ക്ക് ഉദ്യോഗക്കയറ്റ നിയമനത്തിന് അർഹതപ്പെട്ട 2 ഒഴിവുകളിൽ പരാമർശം (2) പ്രകാരം 2 പേർക്ക് ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

പരാമർശം (3) ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ രണ്ട് ജീവനക്കാർക്ക് കേരള സാമൂഹ്യസുരക്ഷ മിഷനിലേയ്ക്ക് അന്യത്ര സേവനം അനുവദിച്ചത് മുഖേന രണ്ട് ഒഴിവുകൾ കൂടി വകുപ്പിൽ നിലവിൽ വരുകയുണ്ടായി. ഈ രണ്ട് ഒഴിവുകളിൽ ഒരൊഴിവ് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II വിഭാഗത്തിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർക്കായി ഉദ്യോഗക്കയറ്റ നിയമനത്തിന് നിശ്ചിത അനുപാതം അനുസരിച്ച് അനുവദിയ്ക്കപ്പെട്ടിട്ടുള്ള 1 ഒഴിവിലേയ്ക്ക് ലോവർ ഡി.പി.സി കൂടി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള പരാമർശം (4) സെലക്ട് ലിസ്റ്റിലെ ജീവനക്കാരിക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

I/56101/2022

ഈ സാഹചര്യത്തിൽ ചുവടെ വിവരിക്കുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം.1 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാരിക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിൽ കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ (50200-105300) ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നല്കി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉദ്യോഗക്കയറ്റം.</u>

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവില് സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം അനുവദിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.സുമാദേവി.വി<br>ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-II<br>ഗവ.ആശാഭവൻ (മെൻ)<br>തിരുവനന്തപുരം | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്-I<br>ഗവ.വികലാംഗ വനിത സദനം<br>എറണാകുളം |

തിരുവനന്തപുരം ഗവ. ആശാഭവൻ (മെൻ) സൂപ്രണ്ടിൻറെ പൂർണ്ണ അധിക ചുമതല തിരുവനന്തപുരം വയോജന പകൽ പരിപാലന കേന്ദ്രത്തിലെ സൂപ്രണ്ട് ഗ്രേഡ്-III ശ്രീമതി.വിജിജോർജ്ജ് നിർവഹിക്കേണ്ടതാണ്. ജീവനക്കാരിയെ നിയന്ത്രണാധികാരിയായ തിരുവനന്തപുരം ജില്ല സാമൂഹ്യനീതി ഓഫീസർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

എം.അഞ്ജന.ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് (എഫ്-സെക്ഷൻ സൂപ്രണ്ട്)
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്